പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 6663

9.7.2014 ൽ
മറുപടിയ്ക്ക്

കൊരട്ടി ഇൻഫോപാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ. ബി.ഡി. ദേവസ്സി ; | മറുപടി<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| കൊരട്ടി ഇൻഫോപാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കാമോ ; കൊരട്ടി ഇൻഫോപാർക്കിന് സെസ് പദവി ലഭ്യമാക്കി കൂടുതൽ സ്ഥാപനങ്ങളും, തൊഴിലവസരങ്ങളും ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | കൊരട്ടി ഇൻഫോപാർക്കിലെ ആകെയുള്ള 30 ഏക്കറിൽ 18 ഏക്കർ സ്ഥലം, കെ.എസ്.ഐ.ടി.ഐ.എൽ. ഡെവലപ്പറായി പ്രത്യേക സാമ്പത്തിക മേഖല (SEZ) ആയി കേന്ദ്ര സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ഇവിടെ എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ 3.3 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള, 70 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഐ.ടി. മന്ദിരത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. പ്രസ്തുത ഐ.ടി. മന്ദിരത്തിന് 2 MVA power നൽകുന്നതിനുള്ള Deposit Work ന്റെ തുടർനടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചുവരുന്നു. 2 MLD ജലം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ കേരള വാട്ടർ അതോറിറ്റി Deposit Work ആയി ചെയ്തുകൊണ്ടിരിക്കുന്നു. ഇതിനായി ചാലക്കുടി നദിയുടെ സമീപത്തുനിന്നും പാർക്കിലേയ്ക്കുള്ള പൈപ്പിടൽ പുരോഗമിക്കുന്നു. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി പ്രസ്തുത ഐ.ടി. മന്ദിരത്തിലേയ്ക്കുള്ള internal roads, STP, Water sump എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ നടപടികളും എടുത്തിട്ടുണ്ട്. 2015 മാർച്ച് മാസത്തോടെ പ്രവർത്തനസജ്ജമാകും എന്ന് പ്രതീക്ഷിക്കുന്ന പദ്ധതി ഏകദേശം 3000 ഐ.ടി വിദഗ്ദ്ധർക്ക് തൊഴിൽ നൽകുമെന്നു പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ